**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2735** **12-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഊരുകൂട്ടത്തിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ പട്ടുവയൽ, എയ്യൻകല്ല് എന്നീ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായി 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പട്ടുവയൽ കോളനിയിലെ 7 പ്രവൃത്തികളിൽ 5 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. എയ്യൻകല്ല് കോളനിയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഈ വർഷത്തെ പദ്ധതിയിൽ പ്രസ്തുത കോളനിയെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | പയ്യന്നൂർ മണ്ഡലത്തിലെ പട്ടുവയൽ, എയ്യൻകല്ല് എന്നീ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായി 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പട്ടുവയൽ കോളനിയിലെ 7 പ്രവൃത്തികളിൽ 5 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. എയ്യൻകല്ല് കോളനിയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഈ വർഷത്തെ പദ്ധതിയിൽ പ്രസ്തുത കോളനിയെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം, ഏജൻസികളെ ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പിനെയോ പൊതുമരാമത്ത് വകുപ്പിനെയോ ഏൽപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ